**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1221** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ കൈമാറ്റം എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ ആക്റ്റിലോ അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പ്രത്യേക വ്യവസ്ഥകൾ ഉള്ളതായി കാണുന്നില്ല. |
| (ബി) | ഇപ്രകാരമുള്ള കൈമാറ്റം അനുവദനീയമാണോ; സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി കൈമാറ്റം പരിശോധിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിലുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട നീതിന്യായ കോടതികളുടെയോ റവന്യൂ അധികാരികളുടെയോ ഉത്തരവ് ഉണ്ടെങ്കിൽ ആയത് അനുസരിച്ചാണ് നടത്തുന്നത്. അപ്രകാരമുള്ള ഒരു ഉത്തരവിന്റെ അഭാവത്തിൽ സിവിൽ തർക്കം ഉണ്ട് എന്ന ഒറ്റ കാരണത്താൽ രജിസ്ട്രേഷൻ നിഷേധിക്കാൻ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് അധികാരമില്ല. വസ്തുവിന്റെ കൈമാറ്റം വിലക്കിക്കൊണ്ട് സബ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ